പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *72 — 13.06.2012-ൽ മറുപടിക്ക്

വ്യവസായ ബന്ധ സമിതിയുടെ പഠനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.ചന്ദ്രൻ:<br>ശ്രീ. എ.കെ.ബാലൻ:<br>ശ്രീ. എ.പ്രദീപ്കുമാർ:<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും<br>വകുപ്പു മന്ത്രി) |
| (എ) ബലരാമൻ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് തൊഴിൽ വകുപ്പിന്റെ നിലപാടെന്താണെന്ന് അറിയിക്കുമോ; | (എ) റിപ്പോർട്ട് പരിശോധിച്ചിട്ടില്ല. |
| (ബി) ബലരാമൻ കമ്മിറ്റിയുടെ കണ്ടെത്തലിന്മേൽ ഏതു തരത്തിലുള്ള പഠനമാണ് വ്യവസായബന്ധസമിതി നടത്താനുദ്ദേശിക്കുന്നത് ; | (ബി) നഴ്സിംഗ് മേഖലയിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നഴ്സിംഗ് മേഖലയിലെ ജീവനക്കാരുടെ വേതനം പരിഷ്ക്കരിക്കുമ്പോൾ ബലരാമൻ കമ്മിറ്റിയുടെ ശുപാർശകളും സമിതി പരിഗണിക്കുന്നതാണ്. |
| (സി)നേഴ്സുമാർക്ക് മിനിമം വേതനം ഉറപ്പാക്കാനായി തൊഴിൽ വകുപ്പ് ഇതിനകം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരടക്കം ഉള്ള ജീവനക്കാർക്ക് നിലവിലുള്ള മിനിമം വേതനം തൊഴിലുടമകൾ നൽകുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്. മിനിമം വേതനം നൽകാത്ത സ്വകാര്യ ആശുപത്രിയുടെ ഉടമകൾക്കെതിരെ മിനിമം വേതന നിയമപ്രകാരം അവകാശ ഹർജികൾ (ക്ലെയിം പെറ്റീഷൻ) ഫയൽ ചെയ്യുന്നുണ്ട്. കൂടാതെ ആശുപത്രി ജീവനക്കാർക്ക് ശമ്പളം ബാങ്ക് വഴി നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതും എല്ലാ മാസവും ബാങ്ക് വഴി ശമ്പളം നൽകുന്ന സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ആശുപത്രി ഉടമകൾ അതത് ജില്ലാ ലേബർ ഓഫീസർമാർക്ക് നൽകണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ